പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 2352

14/06/2019 ൽ
മറുപടിക്ക്

**പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന് നടപടി**

ചോദ്യം
ശ്രീ.ആർ. രാജേഷ്

മറുപടി
ശ്രീ.ഇ.പി.ജയരാജൻ
(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികളും ആവിഷ്കരിച്ച പദ്ധതികളും എന്തൊക്കെയെന്ന് വിശദമാക്കുമോ? | എ) പൊതുമേഖലാസ്ഥാപനങ്ങളിൽ നടത്തിയ പ്രവർത്തന അവലോകനത്തിന്റെ അടിസ്ഥാനത്തിൽ ഉല്പാദന സൗകര്യങ്ങളിലും സാങ്കേതിക വിദ്യകളിലും കാലോചിതമായ പരിഷ്കാരങ്ങൾ നടപ്പിലാക്കിയെങ്കിൽ മാത്രമേ വിപണിയിൽ നിന്നും നേരിടുന്ന മത്സരങ്ങളെ അതിജീവിക്കത്തവിധത്തിൽ സ്ഥാപനങ്ങളെ സജ്ജമാക്കുവാൻ കഴിയുകയുള്ളൂ. ഉല്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപുലീകരണം എന്നിവയുമായി വിവിധ നവീകരണ വിപുലീകരണ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കി വരുന്നു. ഇതിനായി ബഡ്ജറ്റിൽ നിന്നും കൂടുതൽ ധനസഹായം സർക്കാർ അനുവദിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കുള്ള പദ്ധതി വിഹിതമായി 123 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. 2017-18 സാമ്പത്തിക വർഷം പദ്ധതി വിഹിതം 270 കോടി രൂപയായി ഉയർത്തുകയും വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി അനുവദിക്കുകയും ചെയ്തു. കൂടാതെ 2017-18 സാമ്പത്തിക വർഷം അധികധനസഹായമായി 13 കോടി രൂപയും |

ബഡ്ജറ്റിൽ വകയിരുത്തി. 2018-19 സാമ്പത്തിക വർഷം പൊതുമേഖലാസ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പദ്ധതികളുൾപ്പെടെയുള്ള ധനസഹായമായി ബഡ്ജറ്റിൽ 297.35 കോടി രൂപ വകയിരുത്തുകയും അവ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ പദ്ധതികൾക്കായി നൽകുകയും ചെയ്തു. 2019-20-ൽ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി 299.35 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓരോ മാസത്തെയും പ്രവർത്തനം റിയാബ് നേരിട്ട് എല്ലാ മാസവും നടത്തിവരുന്നുണ്ട്. ഇതിന്റെ തുടർച്ചയായി സെക്ടർ തിരിച്ചും എല്ലാ സ്ഥാപനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ടുമുള്ള പ്രത്യേക അവലോകന യോഗങ്ങൾ സർക്കാർ തലത്തിൽ നടത്തുന്നുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്റേണൽ ഓഡിറ്റ് സംവിധാനവും, സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കി ഇവയുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിനായി കൃത്യമായ അവലോകനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു.

ഓരോ സ്ഥാപനങ്ങളെയും പ്രത്യേകം പ്രവർത്തന അവലോകനത്തിനു വിധേയമാക്കുന്നതിനാൽ പ്രവർത്തന സംബന്ധമായ പല പ്രശ്നങ്ങൾക്കും സമയോചിതമായിത്തന്നെ പരിഹാരം കണ്ടെത്തുവാൻ കഴിഞ്ഞിട്ടുണ്ട്. റിയാബ് മുഖേന മാസം തോറും നടത്തിവരുന്ന പ്രവർത്തന അവലോകനങ്ങളുടെ ഫലമായി അനുകരണീയമാക്കാവുന്ന മാനേജ്മെന്റ് നടപടിക്രമങ്ങൾ മറ്റുള്ള സ്ഥാപനങ്ങളിലേയ്ക്കും

പകർന്നു നൽകുവാൻ സഹായകരമായിട്ടുണ്ട്. ഈ രീതിയിലുള്ള ഇടപെടലുകൾ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സഹായകരമായിട്ടുണ്ട്. കൂടാതെ സ്ഥാപനങ്ങളിൽ നടപ്പിലാക്കി വരുന്ന അവലോകന സംവിധാനത്തിന്റെ ഫലമായി വിവിധ തലത്തിലുള്ള ജീവനക്കാർക്ക് ആവശ്യമായ പരിശീലന പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ സമഗ്ര വികസനത്തോടൊപ്പം തന്നെ മാനേജിംഗ് ഡയറക്ടർമാരുടെയും ജീവനക്കാരുടെയും കഴിവുകൾ വികസിപ്പിക്കുന്നതിനും കൂടുതൽ പ്രാപ്തരാക്കുന്നതിനും വേണ്ടി റിയാബിന്റെ നേതൃത്വത്തിൽ വിവിധ തലത്തിലുള്ള പരിശീലന പരിപാടികളും നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ